**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1751** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഹോർട്ടികോർപ്പിലെ പച്ചക്കറി സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഹോർട്ടികോർപ്പിൽ തമിഴ്നാട്ടിൽ നിന്നടക്കം പച്ചക്കറി വാങ്ങുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>ഹോർട്ടികോർപ്പ് കേരളത്തിലെ കർഷകരിൽ നിന്നുമാണ് പ്രധാനമായും പച്ചക്കറികൾ സംഭരണം നടത്തിവരുന്നത്. എന്നാൽ കേരളത്തിൽ ലഭ്യമല്ലാത്തതും പൊതു വിപണിയിൽ വില നിയന്ത്രണം ആവശ്യമായതുമായ പച്ചക്കറികൾ മറ്റ് സംസ്ഥാനങ്ങളിലെ കർഷകരിൽ നിന്നും ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷനുകളിൽ നിന്നും ഹോർട്ടികോർപ്പ് വാങ്ങുന്നുണ്ട്. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിൽ നിന്ന് സംഭരിച്ച് ന്യായവില ഉറപ്പ വരുത്തി വിതരണം നടത്തുന്നതു മൂലം അന്യസംസ്ഥാന പച്ചക്കറികൾക്ക് പൊതു വിപണിയിൽ ഉണ്ടാകുന്ന വിലക്കയറ്റം ഒരു പരിധി വരെ നിയന്ത്രിക്കുന്നതിന് സാധിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറി മാത്രം ഹോർട്ടികോർപ്പിൽ സംഭരിക്കാൻ സർക്കാർ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ബി) | കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഒരു പൊതു സ്ഥാപനമായ ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും പഴം പച്ചക്കറികളുടെ സംഭരണം, വിതരണം, സംസ്കരണം, എന്നിവ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ജയിലുകൾ, അഗതിമന്ദിരങ്ങൾ തുടങ്ങിയവയിലേക്കും പച്ചക്കറി വിതരണം നടത്തി വരുന്നുണ്ട്. ഒരു വിപണന സ്ഥാപനം എന്ന നിലയിൽ ഉപഭോക്താക്കൾക്ക് ആവശ്യമായ എല്ലാ പഴം, പച്ചക്കറികളും ഹോർട്ടികോർപ്പിന് വിപണനം ചെയ്യേണ്ടതായി വരും. ഈ സാഹചര്യത്തിലാണ് കേരളത്തിൽ ലഭ്യമല്ലാത്ത സവാള, ഉരുളക്കിഴങ്ങ്, ചെറിയ ഉള്ളി, ക്യാരറ്റ് മുതലായ പച്ചക്കറികൾക്ക് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നത്. |

സെക്ഷൻ ഓഫീസർ